പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 767 — 5.6.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം മേഖല ആകർഷകമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പകർച്ചപനികൾ, സാംക്രമിക രോഗങ്ങൾ, തെരുവ് നായ്ക്കളുടെ ശല്യം, വിദേശികൾക്ക് എതിരായ ആക്രമണങ്ങൾ എന്നിവ വിദേശ ടൂറിസ്റ്റുകളുടെ വരവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | 2017 ഡിസംബർ വരെയുള്ള വിനോദ സഞ്ചാരികളുടെ സ്ഥിതിവിവര കണക്കാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത് . പ്രസ്തുത കണക്കുകൾ 2016 വർഷത്തെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2017 കലണ്ടർ വർഷത്തിൽ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 5 .15 % വർദ്ധനവ് ഉണ്ടായിട്ടുണ്ട് . |
| ബി) | ഈ സാഹചര്യം മൂലം വിദേശ വിനോദ സഞ്ചാരികളിൽനിന്നുള്ള വരുമാനം കുറഞ്ഞിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | ബി) | 2017 ലെ സ്ഥിതി വിവര കണക്കനുസരിച്ച് വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനത്തിൽ 2016 വർഷത്തേക്കാൾ 642.6 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| സി) | കേരളത്തിന്റെ ടൂറിസം മേഖല ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | സി) | പ്രധാനടൂറിസം കേന്ദ്രങ്ങൾ ആകർഷമാക്കുന്നതിനും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും പുത്തൻ സഞ്ചാരാനുഭവങ്ങൾ നൽകുന്നതിനുമായി ടി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ടൂറിസം വകുപ്പ് 324 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം കേന്ദ്രങ്ങളിൽ കണക്ടിവിറ്റി, കഫെറ്റീരിയ, ഭിന്നശേഷിക്കാർക്കായി പ്രത്യേക സൗകര്യമൊരുക്കൽ, സുരക്ഷാ സംവിധാനങ്ങൾ, ലൈറ്റ്, പാർക്കിംഗ് സൗകര്യങ്ങൾ, താമസ സൗകര്യം, ശുചീകരണ പ്രവർത്തനങ്ങൾ, സാഹസിക വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, ആശയ വിനിമയത്തിനായി ആധുനിക സംവിധാനങ്ങൾ എന്നിവയുമായുള്ള വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ലോകോത്തര നിലാവാരത്തിലുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിൽ നൂതനമായ രീതിയിലുള്ള നിർമ്മാണ രീതികൾ പ്രാവർത്തികമാക്കുന്നതിനായി പുതിയ |

| | | | |
|---|---|---|---|
| | | | എംപാനൽഡ് ആർക്കിടെക്റ്റിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം രംഗത്ത് എല്ലാ മേഖലയിലും സമഗ്രമായ മാറ്റത്തിനുമായി പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**